



ക്രിസ്ത്യൻ ലൈവ് DAILY
21 FEBRUARY 2024 | VOL 03 | ISSUE 051 | 750

# കർണാടകത്തിൽ നിന്നും ക്രിസ്ത്യാനികളെ പുറത്താക്കും: പ്രമോദ് മുത്തലിക

വിജയപുര : കർണാടകത്തിൽ മതപരിവർത്തനം അവസാനിപ്പിച്ചില്ലെങ്കിൽ ക്രിസ്ത്യാനികളെ പുറത്താക്കുമെന്ന ഭീഷണിയുമായി ശ്രീരാമസേന നേതാവ് പ്രമോദ് മുത്തലിക്. ‘ഭജനയും പ്രാർത്ഥനയും പള്ളിക്ക് അകത്തായിരിക്കണം. പുറത്ത് കോളനികളിലും പൊതു സ്ഥലങ്ങളിലും നിങ്ങൾ ചെയ്യുന്നത് യേശുക്രിസ്തു പോലും അംഗീകരിക്കില്ല. കോളനിക്കാരുടെ ദാരിദ്രവും വിദ്യാഭ്യാസ കുറവും ചൂഷണം ചെയ്ത് മതപരിവർത്തനം നടത്താനുള്ള ശ്രമം നിങ്ങൾ അവസാനിപ്പിക്കണം. തെറ്റായ വിവരങ്ങൾ നൽകി നടത്തുന്ന ഇത്തരം മതപരിവർത്തനത്തെ സർക്കാർ അടിച്ചമർത്തണം. മതപരിവർത്തന നിരോധന നിയമം ഇപ്പോഴും സംസ്ഥാനത്ത് നിലവിലുണ്ട്. അത് കർശനമായി പാലിക്കണം.‘ മുത്താലിക് പറഞ്ഞു.



സംസ്ഥാനത്ത് 3600 ലംബാനി കോളനികളുണ്ട്. അമ്പത് ശതമാനം കോളനികളിലും ക്രിസ്ത്യാനികൾ പ്രവേശിച്ച് മത പരിവർത്തന ശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുന്നുവെന്നാണ് പരാതി. ഈ ശ്രമം അവസാനിപ്പിച്ചില്ലെങ്കിൽ ശ്രീരാമസേന പ്രത്യേക സേന രൂപീകരിച്ച് ഗ്രാമങ്ങളിൽ നിന്നും ക്രിസ്ത്യാനികളെ പുറത്താക്കുമെന്നും അദ്ദേഹം ഭീഷണിപ്പെടുത്തി.


# ഇന്ത്യൻ വെളുത്തുള്ളിക്ക് യു. എ. ഇ. യിൽ തീ പിടിച്ച വില

ദുബായ്: ഇന്ത്യൻ വെളുത്തുള്ളിക്ക് യുഎഇയിൽ ഇന്ന് കിലോയ്ക്ക് 654 രൂപ (28.95 ദിർഹം) യാണ് ഈടാക്കുന്നത്. ഒറ്റപ്പെട്ട കടകളിൽ 791 രൂപ വരെ (35 ദിർഹം) ഈടാക്കുന്നതായും റിപ്പോർട്ടുണ്ട്.

വില കൂടിയതോടെ, സവാളയ്ക്കു പുറമേ വെളുത്തുള്ളിയും പ്രവാസി വിഭവങ്ങളിൽ നിന്ന് പുറത്തായി. ഇന്ത്യൻ വെളുത്തുള്ളിയുടെ വില ഉയർന്നതോടെ ചൈനീസ് വെളുത്തുള്ളിക്ക് ആവശ്യക്കാർ കൂടിയതിനാൽ അവയുടെ വിലയിലും വർധനവുണ്ടായി. ചൈനീസ് വെളുത്തുള്ളിയുടെ തൊലി കളയാൻ എളുപ്പമാണെങ്കിലും രുചിയും മണവും കുറവാണെന്ന് പ്രവാസികൾ പറയുന്നു.

കാലാവസ്ഥാ വ്യതിയാനം കാരണം ഇന്ത്യയിൽ സവാള, വെളുത്തുള്ളി ഉൽപാദനം വൈകിയിരുന്നു. ജൂണിൽ നട്ട് വിളവെടുപ്പ് പൂർത്തിയാക്കി സെപ്റ്റംബറിൽ വിപണിയിൽ എത്തേണ്ടിയിരുന്നവ ഇത്തവണ നവംബറിലാണ് ലഭിച്ചത്. വിളവും കുറവായിരുന്നു . അതാണ് വില ഉയരാനുള്ള പ്രധാന കാരണം.

## CARTOON:



EDITORIAL BOARD
പത്രാധിപസമിതി

ചീഫ് എഡിറ്റർ
ബ്ലസിൻ ജോൺ മലയിൽ

മാനേജിംഗ് എഡിറ്റർ
അജി കെ ജോർജ്ജ്

പബ്ലിഷർ
നെൽസൺ ജോർജ്ജ്

എഡിറ്റർമാർ
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

**ഫെബ്രുവരി 21**

**ഉൽ. 28:16** അപ്പോൾ യാക്കോബ് ഉറക്കമുണർന്നു: 'യഹോവ ഈ സ്ഥലത്തുണ്ട് സത്യം; ഞാനോ അത് അറിഞ്ഞില്ല' എന്നു പറഞ്ഞു.

# ഈ മലയാളിക്കെന്ത് പറ്റി...?



സിസ്റ്റർ ഷീലാ ദാസ് കീഴൂർ

ഈ ദിനങ്ങളിൽ നിറഞ്ഞു നിൽക്കുന്ന പത്ര വാർത്തകൾ വായിക്കുമ്പോൾ നമുക്ക് തോന്നുന്ന ഒരു ചോദ്യം ഉണ്ട്, മലയാളിക്കെന്തു പറ്റി? ഒത്തിരി സാക്ഷരതയും സംസ്കാരവും ഒക്കെയുണ്ട് എന്ന് അഭിമാനിക്കുന്ന മലയാളി മനസുകൾക്ക്, എങ്ങനെ ഇങ്ങയൊക്കെ ആകാൻ പറ്റുന്നു എന്നറിയില്ല. ചെറുപ്പക്കാരായ മലയാളി കുടുംബം കഴിഞ്ഞ ദിവസം മരിച്ചത് അമേരിക്കയിൽ ആണ്. എന്താണ് പ്രശ്നം എന്നറിയില്ല. രണ്ടു പിഞ്ചു കുഞ്ഞുങ്ങളെ കൊന്നിട്ട്, ഭാര്യയെയും കൊന്നു ഭർത്താവ് സ്വയം മരിക്കുന്നു. മറ്റൊന്ന് അമേരിക്കയിൽ പിതാവിനെ വെടിവെച്ചു കൊന്ന് മകൻ പോലീസിന് കീഴടങ്ങുന്നു മറ്റൊന്ന് കേരളത്തിൽ മാതാപിതാക്കളെ അനുസരിക്കാതെ അന്യജാതിക്കാരനായ ഒരു ചെറുപ്പക്കാരനോടൊപ്പം ഇറങ്ങിപ്പോയ മകളെ ഓർത്തു ആത്മഹത്യ ചെയ്ത മാതാപിതാക്കൾ. ഇങ്ങനെ പലതരത്തിലുള്ള കുലപാതകങ്ങളും ആത്മഹത്യകളും ഇന്ന് മലയാളികൾക്ക് വാർത്തായല്ലാതാവുന്നു.

വിദേശ രാജ്യങ്ങളിൽ മക്കൾ സൗഭാഗ്യത്തിൽ കഴിയുന്നു എന്ന ചിന്ത മാതാപിതാക്കളെ ആശ്വസിപ്പിക്കുന്നു എങ്കിലും നേരിപ്പോടുകൾ പോലെ കത്തി തീരുന്ന അനേക കുടുംബങ്ങൾ അവിടെയെല്ലാം ഉണ്ട്. ആരും മാന്യത മൂലം പുറത്തുപറയുന്നില്ലെങ്കിലും മൂടി വെച്ചത് ഒന്നും മറവായിരിക്കുന്നില്ല എന്ന് വചനം പോലെ എല്ലാം ഒരിക്കൽ പുറത്തുവരും. മാതാ പിതാക്കളെ ബഹുമാനിക്കാത്ത തലമുറകൾ വർദ്ധിക്കുന്നു. ആർക്കും ആരെയും നിയന്ത്രിക്കാൻ കഴിയുന്നില്ല.

ഇതിന്റെ എല്ലാം അടിസ്ഥാനം മനുഷ്യന്റെ പാപം ആണ്. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു. മോഹങ്ങളെ മുളയിലേ നുള്ളാതെ ജീവിതം നയിച്ചാൽ അത് മരണത്തിലെത്തും. ധനസമ്പാദനം മനുഷ്യന്റെ ലക്ഷ്യം ആയപ്പോൾ, കുടുംബ ബന്ധങ്ങൾ ചെറുതായി. തമ്മിൽ കൊല്ലുവാനും മടിക്കുന്നില്ല. വളർത്തി വലുതാക്കിയ മാതാപിതാക്കൾ നോക്കി നിൽക്കെ മറ്റുള്ള ബന്ധങ്ങൾക്ക് വില നൽകി ഇറങ്ങിപോകുന്ന മക്കൾ. അതുമൂലം മനസമാധാനം നഷ്ടപ്പെട്ടവർ. ഇതെല്ലാം മാറുവാൻ ഒറ്റ വഴി ഞങ്ങൾ ഉയർത്തുന്ന യേശുവിലൂടെ മാത്രം. അനേക കുടുംബങ്ങളിൽ സന്തോഷവും സമാധാനവും പ്രദാനം ചെയ്യുന്ന യേശുവിലേക്ക് മടങ്ങി വന്നാൽ ഈ ലോകത്തിൽ മാത്രമല്ല മരണാനന്തരം ദൈവം ഒരുക്കുന്ന നിത്യതയിലും നമുക്ക് സന്തോഷിക്കാം ദൈവം സഹായിക്കട്ടെ

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

### ബോസ്നിയ ആൻഡ് ഹെർസഗോവിന

| | |
|---|---|
| തലസ്ഥാനം | : സരജേവോ |
| ഭാഷ | : ബോസ്നിയൻ, സെർബിയൻ, ക്രൊയേഷ്യൻ |
| ജനസംഖ്യ | : 33 ലക്ഷം |
| പ്രസിഡണ്ട് | : സെൽജ്കോ കോംസിക്ക് |
| മതം | : ഇസ്ലാം |

വിവിധ മതങ്ങളിലും ഗോത്രങ്ങളിലും ഉള്ളവർ തമ്മിൽ നടന്ന വംശീയ യുദ്ധത്തിന്റെ കയ്പ് അനുഭവിക്കുന്ന ജനം. ഇവർക്കിടയിൽ സമാധാനം ഉണ്ടാകാനായി പ്രാർത്ഥിക്കുക.

യുദ്ധങ്ങൾക്കിടയിൽ തകർന്നുവീണ സമ്പദ്‌വ്യവസ്ഥ. ഇതിനെ പുനർനിർമ്മിക്കാനുള്ള ഭരണാധികാരികളുടെ ഐക്യ ശ്രമങ്ങൾ വിജയിക്കട്ടെ. പ്രാർത്ഥിക്കുക.

ക്രിസ്തുവിന്റെ സ്നേഹം ജനഹൃദയങ്ങളിൽ അനുഭവിക്കണം. ഇനിയും ആത്മീകമായി പ്രതികരിക്കാത്ത ജനം. കഠിന ഹൃദയങ്ങൾ മെഴുകു പോലെ ഉരുകട്ടെ. നിങ്ങൾ പ്രാർത്ഥിക്കുമോ?

# ചിരി നന്നാക്കാൻ ഓപ്പറേഷൻ; യുവാവിന് ദാരുണാന്ത്യം



ഹൈദരാബാദ് : ഇനി ആ ചിരിയില്ല! വിവാഹത്തിന് മുന്നോടിയായി പുഞ്ചിരി നന്നാക്കാൻ സ്മൈൽ ഡിസൈനിം?ഗ് ശസ്ത്രക്രിയയ്ക്ക് വിധേയനായ യുവാവിന് ദാരുണാന്ത്യം. ഹൈദരാബാദിലെ ഹൈദർന?ഗർ സ്വദേശിയായ ലക്ഷ്മി നാരായണ വിജ്ഞമാണ് ചിരി നന്നാക്കാനായി സ്മൈൽ ഡിസൈനിം?ഗ് ശസ്ത്രക്രിയ ചെയ്തത്. വിവാഹത്തിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കേയാണ് സംഭവം. യുവ വ്യവസായിയാണ് ഇരുപത്തിയെട്ടുകാരൻ. ഹൈദരാബാദിലെ ജൂബിലി ഹിൽസിലുള്ള എഫ് എം എസ് ഇന്റർനാഷണൽ ഡന്റൽ ക്ലിനിക്കിൽ ഫെബ്രുവരി 16നാണ് സർജറിക്ക് വിധേയനായത്. ലക്ഷ്മിയുടെ കുടുംബം പരാതി നൽകിയതിനെത്തുടർന്ന് എഫ്എം എസ് ഇന്റർനാഷണൽ ഡെന്റൽ ക്ലിനിക്കിനെതിരെ ഐ പി സി സെക്ഷൻ 304 (എ) പ്രകാരം പോലീസ് കേസെടുത്തു. അനസ്തീഷ്യ അമിത തോതിൽ നൽകിയതാണ് യുവാവിന്റെ മരണത്തിന് കാരണമായതെന്നാണ് പിതാവ് വിജ്ഞം രാമുലു പറയുന്നത്. ഫെബ്രുവരി 16 ന് നടന്ന ശസ്ത്രക്രിയയ്ക്കിടെ അനസ്തേഷ്യ നൽകിയതിനെ തുടർന്ന് മകന് ബോധം നഷ്ടപ്പെട്ടുവെന്നും അമിതമായി മയക്കുമരുന്ന് കഴിച്ച് മരിക്കാൻ സാധ്യതയുണ്ടെന്നും ലക്ഷ്മി നാരായണയുടെ പിതാവ് വിഞ്ചം രാമുലു ആരോപിച്ചു. ശസ്ത്രക്രിയ്ക്കായി ലക്ഷ്മി നാരായണ ഒറ്റയ്ക്കാണ് ആശുപത്രിയിൽ എത്തിയത്. വൈകുന്നേരം മകന്റെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ ആശുപത്രിയിലെ ജീവനക്കാരൻ ഫോണെടുക്കുകയും ശസ്ത്രക്രിയയ്ക്കിടെ മകൻ ബോധരഹിതനായിയെന്ന് അറിയിക്കുകയും ചെയ്തുവെന്ന് രാമലു പറഞ്ഞു. തുടർന്ന് യുവാവിനെ തൊട്ടടുത്തുള്ള ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും മരണപ്പെട്ടതായി അധികൃതർ സ്ഥിരീകരിക്കുകയായിരുന്നു. മകൻ വീട്ടിൽ നിന്ന് പോകുന്നത് വരെ പൂർണ ആരോഗ്യവാനായിരുന്നുവെന്നും മറ്റ് ആരോ?ഗ്യപ്രശ്നങ്ങൾ ഇല്ലായിരുന്നുവെന്നും ആശുപത്രി അധികൃതരുടെ അനാസ്ഥയാണ് മരണത്തിന് കാരണമെന്നും പിതാവ് രാമലു ആരോപിച്ചു.

# ചെങ്കടലിൽ കപ്പലിനു നേരെ ആക്രമണം

യെമൻ : ചെങ്കടലിലെ വാണിജ്യ കപ്പലിനു നേരെ വീണ്ടും ഹൂതി ആക്രമണം. ആക്രമണത്തെ തുടർന്ന് കപ്പലിലെ ജീവനക്കാരെ ഒഴിപ്പിച്ചു. ഇതാദ്യമായാണ് ആക്രമണത്തെ തുടർന്ന് കപ്പൽ ഒഴിപ്പിക്കേണ്ടി വരുന്നത്. കപ്പലിൽ ഉണ്ടായിരുന്നവരെ സുരക്ഷിതരായി ഏറ്റവും അടുത്ത തുറമുഖത്തെത്തിച്ചതായി യുഎസ് സെൻട്രൽ കമാൻഡ് അറിയിച്ചു. കപ്പലിന്റെ എൻജിൻ റൂമും മുൻവശവും ആക്രമണത്തിൽ തകർന്നതായി ജിഎംഇസഡ് ഷിപ്പ് മാനേജ്മെന്റ് അധികൃതർ അറിയിച്ചു. ആർക്കും പരിക്കേറ്റതായി വിവരമില്ല.

# ജിഹാദി ആക്രമണങ്ങളിൽ വലഞ്ഞ് മൊസാംബിക്കിലെ ക്രൈസ്തവർ



മാപ്പ്റ്റോ : ജിഹാദി ആക്രമണങ്ങളെത്തുടർന്ന് മൊസാംബിക്കിലെ ക്രിസ്ത്യാനികളുടെ സ്ഥിതി വളരെ പരിതാപകരമായ അവസ്ഥയിലാണെന്ന് റിപ്പോർട്ട്. പൊന്തിഫിക്കൽ ഫൗണ്ടേഷൻ എയ്ഡ് ടു ദി ചർച്ച് ഇൻ നീഡ് പുറത്തുവിട്ട റിപ്പോർട്ടിലാണ് ഈ വെളിപ്പെടുത്തൽ. 2024ന്റെ തുടക്കം മുതൽ മൊസാംബിക്കിൽ, രാജ്യത്തിന്റെ വടക്കുഭാഗത്തുള്ള സായുധ ഇസ്ലാമിസ്റ്റ് ഗ്രൂപ്പുകൾ ആക്രമണം രൂക്ഷമാക്കിയിരിക്കുകയാണ്. ഈ സംഘത്തിന്റെ അതിക്രമങ്ങൾ ഭയത്തിന്റെയും അരക്ഷിതാവസ്ഥയുടെയും അന്തരീക്ഷം ജനങ്ങളുടെയിടയിൽ സൃഷ്ടിക്കുകയാണെന്ന് എയ്ഡ് ടു ദി ചർച്ച് ഇൻ നീഡ് വെളിപ്പെടുത്തുന്നു. കാബോ ഡെൽഗാഡോ പ്രവിശ്യയിലാണ് ഇസ്ലാമിക ഭീകരർ കൂടുതലായും ക്രൈസ്തവർക്കുനേരെ ആക്രമണം നടത്തുന്നത്. ഇവിടെ ഇസ്ലാമിക തീവ്രവാദികൾ പുരോഹിതരെയും മിഷനറിമാരെയും ആക്രമിക്കുകയും ദൈവാലയങ്ങളും വൈദിക വസതികളും അഗ്നിക്കിരയാക്കുകയും പുരോഹിതരും മറ്റും പല സ്ഥലങ്ങളിലും അഭയം പ്രാപിച്ചിരിക്കുകയാണെന്നും മൊസാംബിക്കിൽ താമസിക്കുന്ന മിഷനറി വെളിപ്പെടുത്തുന്നു.

# കുരങ്ങുപനി കേസുകൾ വർധിക്കുന്നു



ബെംഗളൂരു: സംസ്ഥാനത്ത് കുരങ്ങുപനി കേസുകൾ വർധിക്കുന്നു. നിലവിൽ 103 സജീവ കുരങ്ങുപനി കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് ആരോഗ്യ മന്ത്രി ദിനേശ് ഗുണ്ടു റാവു പറഞ്ഞു. ജനുവരി മുതൽ, കുരങ്ങുപനി ബാധിച്ച് സംസ്ഥാനത്ത് രണ്ട് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ശിവമോഗ, ഉത്തര കന്നഡ, ചിക്കമഗളൂരു ജില്ലകളിലാണ് ഭൂരിഭാഗം കേസുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഫെബ്രുവരി 17 വരെ ഉത്തര കന്നഡയിൽ 40 കുരങ്ങുപനി കേസുകളുണ്ട്. ശിവമോഗയിൽ 37 കേസുകളും ചിക്കമഗളൂരുവിൽ 26 കേസുകളുമാണുള്ളത്.

# ക്രിസ്ത്യൻ സ്കൂളിന് ഭീഷണി: വിദ്യാഭ്യാസം മതപരമാക്കരുതെന്ന മുന്നറിയിപ്പോടെ പോസ്റ്റർ




അസം : ജോർഹട്ടിലെ കാർമൽ സ്കൂൾ മതിലിൽ ഇന്നലെയാണ് സ്കൂൾ അധികൃതരെ ഭീഷണിപ്പെടുത്തികൊണ്ടുള്ള പോസ്റ്റർ പതിച്ചത്. വിദ്യാഭ്യാസം മതപരമായ കാര്യമാക്കരുതെന്നും , ക്രിസ്തുമതത്തിന്റെ ചിഹ്നങ്ങളും പ്രതിമകളും സ്കൂളിന് വെളിയിൽ സൂക്ഷിക്കണമെന്ന മുന്നറിയിപ്പും , അല്ലാത്തപക്ഷം പ്രത്യാഘാതങ്ങൾ നേരിടാൻ തയ്യാറാവണമെന്നുമുള്ള ഒരാഴ്ചത്തെ അന്ത്യശാസനത്തോടെയുള്ള പോസ്റ്ററുകളാണ് പ്രത്യക്ഷപ്പെട്ടത്. കാർമൽ സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ റോസ് ഫാത്തിമ ജോർഹട്ടിലെ ചൈനാമാര പോലീസ് പോസ്റ്റിൽ പരാതി നൽകിയതോടെ സംഭവം സ്കൂൾ അധികൃതർക്കിടയിൽ കോലാഹലമുണ്ടാക്കി. സ്കൂൾ പരിസരത്ത് പരിഭ്രാന്തി പരന്നതിനാൽ പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചു. 'സെൻസിറ്റീവ് വിഷയം' സ്കൂൾ കാമ്പസിനുള്ളിൽ ആശങ്ക സൃഷ്ടിക്കുന്നുവെന്നും, തന്റെ സ്ഥാപനം എല്ലാ മതങ്ങളിലും സംസ്കാരങ്ങളിലും പെട്ട വ്യക്തികളെ എല്ലായ്പ്പോഴും ബഹുമാനിക്കുകയും, ആദരിക്കുകയും, താമസിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും സമാധാനപരവും ശാന്തവുമായ അന്തരീക്ഷമാണ് സ്കൂൾ ക്യാമ്പസ്സിൽ ഉള്ളതെന്നും അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്ഥിതിഗതികൾ വിലയിരുത്തി നിലവിൽ അന്വേഷണം നടത്തിവരികയാണെന്നും ചൈനാമര പോലീസ് പ്രതികരിച്ചു. ഇതുവരെ, ഒരു ഗ്രൂപ്പോ വ്യക്തിയോ പ്രശ്നത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തിട്ടില്ല.



# താലിബാന്റെ നിബന്ധനകൾ അംഗീകരിക്കാനാവില്ല; യു.എൻ. സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്

ഖത്തർ തലസ്ഥാനമായ ദോഹയിൽ ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന അഫ്ഗാനിസ്ഥാന്റെ യോഗത്തിൽ പങ്കെടുക്കുന്നതിന് താലിബാൻ അസ്വീകാര്യമായ വ്യവസ്ഥകൾ ഏർപ്പെടുത്തിയതായി യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പറഞ്ഞു.
'ഈ മീറ്റിംഗിൽ ഹാജരാകാനുള്ള ഒരു കൂട്ടം നിബന്ധനകളോടെ താലിബാനിൽ നിന്ന് കത്ത് ലഭിച്ചു, അത് സ്വീകാര്യമല്ല,' തിങ്കളാഴ്ച ഒരു വാർത്താ സമ്മേളനത്തിൽ ഗുട്ടെറസ് പറഞ്ഞു. ദോഹയിൽ നടന്ന ദ്വിദിന യോഗത്തിൽ അവരുടെ ആവശ്യങ്ങൾ അംഗീകരിക്കാത്തതിനാൽ താലിബാൻ പങ്കെടുത്തില്ല. സ്ത്രീ വിദ്യാഭ്യാസത്തിനും തൊഴിലിനും നിരോധനം നിലനിൽക്കുമ്പോൾ അംഗീകാരം അസാധ്യമാണെന്ന് യുഎൻ പറഞ്ഞു.
അന്താരാഷ്ട്ര സമൂഹവും താലിബാനും തമ്മിലുള്ള ഏറ്റവും വലിയ തർക്കം സ്ത്രീകൾക്കും പെൺകുട്ടികൾക്കും ഏർപ്പെടുത്തിയിരിക്കുന്ന വിലക്കുകളാണ്.

# ഗ്രേയ്റ്റർ നോയിഡ ഹാർവെസ്റ്റ് മിഷൻ ഫെസ്റ്റിവൽ

ന്യൂഡൽഹി : ഉത്തരഭാരതത്തിലെ ക്രൈസ്തവ സമൂഹങ്ങളുടെ മഹാസംഗമങ്ങളിൽ ഒന്നായ ഹാർവെസ്റ് മിഷൻ ഫെസ്റ്റിവൽ, 2024 മാർച്ച് 4 മുതൽ 10 വരെ സഭാ ആസ്ഥാനത്ത് നടക്കും. ഹാർവെസ്റ്റ് മിഷൻ പ്രസിഡന്റ് റവ. ബാബു ജോൺ സമ്മേളനം ഉൽഘാടനം ചെയ്യും. പത്താം തീയതി വൈകിട്ട് നടക്കുന്ന ഗ്രാഡ്വേഷൻ സർവ്വീസിന് പ്രിൻസിപ്പാൾ ഡോ.ബിജു ജോൺ നേതൃത്വം നൽകും. റവ. സണ്ണി താഴാംപള്ളം, റവ. പ്രിൻസ് തോമസ്, ഡോ.ജോളി ജോസഫ്, ഡോ. ഓമന റസ്സൽ, ഡോ. ജാബേഷ് ജോൺ, റവ. ഷാജി യോഹന്നാൻ എന്നിവർ പ്രസംഗിക്കും.

# ഓസ്ട്രേലിയൻ ക്രിസ്ത്യൻ കോൺഫിഡറേഷന്റെ ഭാരവാഹികളെ തിരഞ്ഞെടുത്തു




സിഡ്നി : ഓസ്ട്രേലിയൻ ക്രിസ്ത്യൻ കോൺഫിഡറേഷന്റെ ഭാരവാഹികളെ തിരഞ്ഞെടുത്തു. ജനറൽ പ്രസിഡന്റായി ബിജു ആന്റണിയെയും ജനറൽ സെക്രട്ടറിയായി ടോണി ജോസഫിനെയും ജനറൽ ട്രഷററായി അജിൽ അബ്രഹാമിനെയും നാഷണൽ കോർഡിനേറ്ററായി ജോൺ സ്റ്റീഫനെയും തിരഞ്ഞെടുത്തു. ജനറൽ വൈസ് പ്രസിഡന്റായി നോബിൾ തോമസിനെയും ജനറൽ ജോയിന്റ് സെക്രട്ടറിയായി സെൽമൻ സോളോമനെയും ചീഫ് എക്സിക്യൂട്ടീവായി പോളി പാറക്കാടനെയും എക്സിക്യൂട്ടീവ് അംഗങ്ങളായി ജോജി ലൂക്കോസിനെയും സുവിൻ വിന്സന്റിനെയും തിരഞ്ഞെടുത്തു. സിഡ്നിയിൽ കൂടിയ നാഷണൽ കമ്മറ്റി മീറ്റിംഗിൽ ആണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്




# എന്റെ ഭാഷ എന്റെ ആകാശമാണ്; ഞാൻ കാണുന്ന നക്ഷത്രവും

മലയാളമാണ് എന്റെ ഭാഷ എന്റെ ഭാഷ എന്റെ വീടാണ്. എന്റെ ആകാശമാണ്. ഞാൻ കാണുന്ന നക്ഷത്രമാണ്. എന്നെത്തഴുകുന്ന കാറ്റാണ്. എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്. എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്. ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്. എന്റെ ഭാഷ ഞാൻ തന്നെയാണ് മലയാളികളായ നാം ഓരോരുത്തരും ഇന്ന് ഉറക്കെ ചൊല്ലേണ്ട കേരളത്തിലെ ഭാഷാപ്രതിജ്ഞയാണിത്.

**ഫെബ്രുവരി 21 ലോക മാതൃഭാഷാദിനമാണ്.** പ്രഖ്യാപിച്ചത്. 1999 നവംബർ 17നാണ് യുനെസ്കോ ഇങ്ങനെയൊരു ദിനത്തെ കുറിച്ച് ആദ്യമായി പ്രഖ്യാപിച്ചത്. ബംഗ്ലാദേശിൽ ആചരിച്ചുവരുന്ന ഭാഷാപ്രസ്ഥാന ദിനത്തിന് അന്തർദ്ദേശീയ തലത്തിൽ ലഭിച്ച അംഗീകാരമാണ് ലോക മാതൃഭാഷ ദിനത്തിന്റെ ഉദ്ഭവം. 1952 ഫെബ്രുവരി 21ന് ബെംഗാളീ ഭാഷ പ്രസ്ഥാനത്തിന്റെ ഒരു പ്രതിഷേധ സമരത്തിലുണ്ടായ പൊലീസ് വെടിവയ്പ്പിൽ കൊല്ലപ്പെട്ടവരുടെ സ്മരണക്കായാണ് ബംഗ്ലാദേശിൽ ഭാഷാപ്രസ്ഥാന ദിനം ആചരിക്കുന്നത്. 2008ന് ലോക ഭാഷാ വർഷമായി പ്രഖ്യാപിച്ച പ്രസ്താവനയിലൂടെ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ ഈ ദിനാചരണത്തിന് ഔദ്യോഗിക അംഗീകാരം നൽകി. ഇന്ന് സാംസ്കാരിക വൈവിധ്യവും ബഹുഭാഷത്വവും പ്രചരിപ്പിക്കുക എന്ന ഉദ്ദേശത്തോടെ യുനെസ്കോ ആസ്ഥാനത്തിലും അംഗരാഷ്ട്രങ്ങളിലും ലോക മാതൃഭാഷാദിനം വർഷംതോറും ആചരിക്കപ്പെടുന്നുണ്ട്

# സ്കൂളുകളിൽ മൊബൈൽ ഫോൺ നിരോധിക്കാൻ യു. കെ.; നിയമം ലംഘിക്കുന്ന വിദ്യാർഥികൾക്ക് തടവ്




ലണ്ടൻ : രാജ്യത്തെ എല്ലാ സ്കൂളുകളിലും മൊബൈൽ ഫോൺ നിരോധിക്കാനൊരുങ്ങി യുകെ. വിദ്യാർഥികളുടെ പെരുമാറ്റവും ശ്രദ്ധയും മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് തീരുമാനം. ക്ലാസ് മുറികളിൽ വിദ്യാർഥികൾ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനും പെരുമാറ്റം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതിയുടെ ഭാഗമായാണ് തീരുമാനമെന്നു സർക്കാർ അറിയിച്ചു.

"സ്കൂളുകൾ കുട്ടികൾക്കു പഠിക്കാനുള്ള സ്ഥലമാണ്. മൊബൈൽ ഫോണുകൾ കാരണം ക്ലാസ് മുറിയിൽ അനാവശ്യമായ അശ്രദ്ധയാണ് കുട്ടികൾക്കുണ്ടാകുന്നത്. രാജ്യത്തുടനീളം എല്ലാ ക്ലാസ് മുറികളിലും ഈ നിയമം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള മാർഗനിർദേശവും വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കി. എല്ലാ സ്കൂളുകളും ദിവസം മുഴുവനും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതു നിരോധിക്കണം. ക്ലാസ് സമയങ്ങളിൽ മാത്രമല്ല, ഇടവേളകളിലും ഉച്ചഭക്ഷണ സമയങ്ങളിലും നിരോധനം ഉറപ്പാക്കണം. വിദ്യാർഥികൾക്ക് അവരുടെ മൊബൈൽ ഫോൺ വീട്ടിൽ വയ്ക്കാൻ ആവശ്യപ്പെടുന്ന തരത്തിൽ സമ്പൂർണ നിരോധനമാകാം. അല്ലെങ്കിൽ സ്കൂളിൽ എത്തുമ്പോൾ ജീവനക്കാരെ ഏൽപ്പിക്കണം. ഇതുമല്ലെങ്കിൽ ഫോണുകൾ സുരക്ഷിതമായ സ്റ്റോറേജിൽ സൂക്ഷിക്കാനുള്ള അവസരമൊരുക്കണം. ഒരിക്കലും ഉപയോഗിക്കില്ല എന്ന വ്യവസ്ഥയിൽ ഫോൺ കൈയെത്തും ദൂരത്ത് സൂക്ഷിക്കാനുള്ള അവസരം നൽകാമെന്നും മാർഗനിർദേശത്തിൽ വ്യക്തമാക്കി. നിയമങ്ങൾ ലംഘിക്കുന്ന വിദ്യാർഥികളെ തടങ്കലി!ൽ വയ്ക്കുകയോ ഫോൺ കണ്ടുകെട്ടുകയോ ചെയ്യാം. മൊബൈൽ ഫോണുകൾ ഒഴിവാക്കുന്നതു കുട്ടികളെയും യുവാക്കളെയും കൂടുതൽ സമയം സജീവമാക്കാനും സമപ്രായക്കാരുമായി മുഖാമുഖം ഇടപഴകാനും സഹായിക്കും. ഇത് അവരുടെ മാനസികാരോഗ്യത്തെ സഹായിക്കുമെന്നു വിശ്വസിക്കുന്നതായും സർക്കാർ പറയുന്നു.

# രജതജൂബിലി ആഘോഷിച്ച് ബെംഗളൂരു ക്രിസ്ത്യൻ റൈറ്റേഴ്സ് ട്രസ്റ്റ്

ബെംഗളൂരു: ബെംഗളൂരു ക്രിസ്ത്യൻ റൈറ്റേഴ്സ് ട്രസ്റ്റ് രജതജൂബിലി ആഘോഷിച്ചു. പ്രസിഡന്റ് ടി.എ. കലിസ്റ്റസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം റിട്ട. ഡി.ജി.പി. ജീജ ഹരിസിങ് ഉദ്ഘാടനം ചെയ്തു. ഫാ. വർഗീസ് പുതുപ്പറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. മുൻ എം.എൽ.എ. ഐവാൻ നിഗ്ളി, ഡോ. മാത്യു മണിമല, ഡോ. ഫിലിപ്പ് മാത്യു, ഡോ. മാത്യു മാമ്പറ, കെ.ടി. ബ്രിജി, ബിനു കോക്കണ്ടത്തിൽ, മെറ്റി ഗ്രേസ്, അബിമലൈക്ക് ജോസഫ്, സി.ഡി. ഗബ്രിയേൽ, ലിജിൻ, ട്രീസ ഫിലിപ്പ്, ജോമോൻ ജോബ്, ഓസ്റ്റിൻ അജിത് എന്നിവർ സംസാരിച്ചു. ജോമോൻ ജോബ് രചനയും എബിൻ ബ്രൗൺ ഹുഡ് സംവിധാനവും നിർവഹിച്ച 'ആത്മം' എന്ന ഹ്രസ്വ ചിത്രം പ്രദർശിപ്പിച്ചു.

# പെന്തകോസ്തൽ കോൺഫറൻസ് ഓഫ് ഇൻഡോ-കനേഡിയൻസ്

കാനഡ : പെന്തകോസ്തൽ ഫെല്ലോഷിപ്പ് ഓഫ് ഇൻഡോ കനേഡിയൻസിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 1 മുതൽ 3 വരെ കാനഡ ക്രിസ്ത്യൻ കോളേജ് ഇവന്റ് സെന്ററിൽ ത്രിദിന കോൺഫറൻസ് നടക്കും. ക്രിസ്തുവിൽ ഒന്നായ് എന്നതാണ് ചിന്താവിഷയം.

പാസ്റ്റർമാരായ ജോൺ തോമസ്, ഫിന്നി സാമുവേൽ, വിൽസൺ കടവിൽ, ബാബു ജോർജ് , ബ്ലെസൻ ചെറിയാൻ തുടങ്ങിയവർ പ്രസംഗിക്കും. കമ്മറ്റി അംഗങ്ങളായ പാ. കെ പി സാമുവേൽ, ബ്ര. വിൽസൺ സാമുവേൽ , പാ. മനേഷ് തോമസ്, ബ്ര. ബിജു വർഗീസ്, പാ. വിക്ടർ ഫിലിപ് , പാ. ജേക്കബ് മാത്യു , പാ. സാമുവേൽ മണിയൻ എന്നിവർ നേതൃത്വം കൊടുക്കും.

# യു.പി.എഫ്.കെ. വാർഷിക കൺവൻഷൻ: മുഖ്യ പ്രഭാഷണം പാ. ബി. മോനച്ചൻ

കുവൈറ്റ്: യുണൈറ്റഡ് പെന്തകോസ്തൽ ഫെലോഷിപ്പ് ഇൻ കുവൈറ്റിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 15 മുതൽ 18 വരെ വാർഷിക കൺവൻഷൻ എൻ ഇ സി കെ ചർച്ചിൽ വെച്ച് നടത്തപ്പെടും . പാസ്റ്റർ ബി.മോനച്ചൻ മുഖ്യ പ്രഭാഷണം നടത്തും. ടോം ഫിലിപ്പിന്റെ നേതൃത്വത്തിലുള്ള സംഗീതസംഘം ഗാനങ്ങൾ ആലപിക്കും. യുവജനങ്ങൾക്കും വനിതകൾക്കും പ്രത്യേക സമ്മേളനം ക്രമീകരിക്കും. സൂസൻ തോമസ് വനിതാ സമ്മേളനത്തിൽ പ്രസംഗിക്കും. നാഷണൽ ഇവാഞ്ചലിക്കൽ ചർച്ചിലും അഹമ്മദി സെന്റ് പോൾസ് ചർച്ചിലും ഉൾപ്പെട്ട പതിനെട്ടു സഭകളുടെ കൂട്ടായ്മയാണ് യു പി എഫ് കുവൈറ്റ്. എൻഇസികെ സെക്രട്ടറി റോയി കെ. യോഹന്നാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രോഗ്രം കൺവീനർ പാസ്റ്റർ ബെൻസൻ തോമസ് ആമുഖ പ്രസംഗം നടത്തി. ജനറൽ കോഡിനേറ്റർ ഷിബു വി. സാം സ്വാഗതവും സെക്രട്ടറി ഡോ.സണ്ണി ആൻഡ്രൂസ് നന്ദിയും അറിയിച്ചു.



# മന്ത്രിമാർക്കും മേൽ വസ്ത്രം നിർബന്ധം

റിയാദ്: ജോലി സ്ഥലങ്ങളിലും ഔദ്യോഗിക ചടങ്ങുകളിലും പ്രവേശിക്കുമ്പോഴും പുറത്തിറങ്ങുമ്പോഴും മന്ത്രിമാർ അടക്കം ഏതാനും വിഭാഗങ്ങൾക്ക് സൗദി മേൽവസ്ത്രം നിർബന്ധമാക്കി. ദേശീയ വസ്ത്രമായ തോബിനു മുകളിൽ ധരിക്കുന്ന ബിശ്ത് (മിശ്‌ലഹ്) മന്ത്രിമാർ, മന്ത്രി റാങ്കിലുള്ള ഉദ്യോഗസ്ഥർ, എക്സലന്റ് ഗ്രേഡിലുള്ള ഉദ്യോഗസ്ഥർ, അസിസ്റ്റന്റ് മന്ത്രിമാർ, മന്ത്രാലയ അണ്ടർ സെക്രട്ടറിമാർ, പതിനഞ്ചാം ഗ്രേഡിലും തത്തുല്യമായ ഗ്രേഡിലും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ, സ്വതന്ത്ര സർക്കാർ വകുപ്പ് മേധാവികൾ, ഉപ മേധാവികൾ, പ്രവിശ്യാ ഗവർണർമാർ, ഡെപ്യൂട്ടി ഗവർണർമാർ, സബ്ഗവർണറേറ്റ് ഗവർണർമാർ, മർകസ് മേധാവികൾ, ഗവർണറേറ്റ് അണ്ടർ സെക്രട്ടറിമാർ എന്നിവർക്ക് നിർബന്ധമാക്കി . ശൂറാ കൗൺസിൽ അംഗങ്ങൾ, ജഡ്ജിമാർ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ഓവർസൈറ്റ് ആന്റ് ആന്റി കറപ്ഷൻ അതോറിറ്റി പ്രോസിക്യൂഷൻ വിഭാഗം ഉദ്യോഗസ്ഥർ എന്നിവർക്കും ഔദ്യോഗിക കൃത്യനിർവഹണത്തിനിടെ ബിശ്ത് നിർബന്ധമാക്കിയിട്ടുണ്ട്. വനിതാ ഉദ്യോഗസ്ഥർ ദേശീയ വനിതാ വേഷം ധരിക്കേണ്ടതും നിർബന്ധമാക്കിയിട്ടുണ്ട് . ജീവനക്കാർ ബിശ്ത് ധരിക്കുന്നുണ്ടെന്ന് ഓരോ വകുപ്പുകളും ഉറപ്പുവരുത്തുകയും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നപക്ഷം മീഡിയ മന്ത്രാലയവും ഓവർസൈറ്റ് ആന്റ് ആന്റികറപ്ഷൻ അതോറിറ്റിയും കണ്ടെത്തി റിപ്പോർട്ട് ചെയ്യണമെന്നും നിർദേശമുണ്ട്.

# നിക്ഷേപിച്ച പണം തിരികെ ലഭിച്ചില്ല; വീട് കയറി ആക്രമണം

തിരുവല്ല: കേരള കോൺഗ്രസ് മാണി ഗ്രൂപ്പ് സംസ്ഥാന ട്രഷറർ എൻ എം രാജുവിന്റെ ഉടമസ്ഥതയിലുള്ള നെടുമ്പറമ്പിൽ ഫിനാൻസിൽ നിക്ഷേപിച്ച പണം ലഭിക്കാത്തതിനെ തുടർന്ന് വീട് കയറി ആക്രമണം.

തിരുവല്ലയിലെ രാജുവിന്റെ വീടായ നെടുമ്പറമ്പിൽ ഹൗസിലെത്തിയാണ് ഇന്നലെ രാവിലെ 9.30ന് നിക്ഷേപകനായ റെജിമോനും മക്കളും ചേർന്ന് ആക്രമണം നടത്തിയത്. രാജുവിന്റെ സഹോദരന്റെ മകനായ സാം ജോണാണ് പോലീസിൽ പരാതി നൽകയത്. നിക്ഷേപിച്ച 15 ലക്ഷം രൂപ തിരികെ നൽകാത്തതിലുള്ള വിരോധത്തിലാണ് ആക്രമണമെന്നാണ് പോലീസ് എഫ്ഐആറിൽ പറയുന്നത്. ആയുധം ഉപയോഗിച്ച് മൂക്കിടിച്ച് തകർത്തതായും സ്ത്രീകളെയടക്കം മർദിച്ചതായും പരാതിയിലുണ്ട്. ഐപിസി 452, 323, 324, 326, 34 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കൊലപാതക ശ്രമം, മാരകായുധം ഉപയോഗിച്ച് മുറിവുണ്ടാക്കൽ തുടങ്ങിയ ഗുരുതര കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്.

# ഇതഴിച്ച് വീണ്ടും ഇതുപോലെ കെട്ടാമോ?

**പി. റ്റി. കോശിയച്ചൻ**

ഗ്രീസിലെ ഒരു ഗ്രാമ ചന്തയിൽ ഒരു കുട്ടി വിറക് കെട്ടുകൾ വിൽക്കാൻ വന്നു. അതുവഴി വന്ന ഒരു മനുഷ്യൻ ഈ കെട്ടുകളെ സൂക്ഷിച്ചുനോക്കി. ആ കെട്ടുകൾ വളരെ കലാപരമായി കെട്ടിയിരിക്കുന്നത് കണ്ടു കുട്ടിയോട് അവന്റെ വിവരങ്ങൾ അന്വേഷിച്ചു. എല്ലാദിവസവും കാട്ടിൽ പോയി വിറകുവെട്ടി വിറ്റാണ് താൻ ജീവിക്കുന്നതെന്ന് അവൻ പറഞ്ഞു.

'ഈ വിറകുകൾ ഇങ്ങനെ കെട്ടിയത് ആരാണ്?'

അദ്ദേഹം ചോദിച്ചു.

കുട്ടി പറഞ്ഞു: 'ഞാൻ ആണ് കെട്ടിയത്'.

അദ്ദേഹം വീണ്ടും ചോദിച്ചു: 'ഇത് ആഴിച്ച് വീണ്ടും ഇതുപോലെ കെട്ടാമോ?'

കുട്ടി അങ്ങനെ ചെയ്തു. വളരെ ശ്രദ്ധയോടെ ഭംഗിയായി അവൻ തന്റെ ജോലി ചെയ്യുന്നത് കണ്ടു അയാൾ കുട്ടിയോട് ചോദിച്ചു:' നീ എന്നോട് കൂടെ പോരുമോ? ഞാൻ നിന്നെ പഠിപ്പിച്ചു കൊള്ളാം.'

അല്പം ആലോചിച്ചിട്ട് കുട്ടി സമ്മതം മൂളി. അദ്ദേഹം ആ കുട്ടിയെ തന്റെ ഭവനത്തിൽ കൊണ്ടുപോയി. നല്ല വിദ്യാഭ്യാസം നൽകി വളർത്തി.

ആ കുട്ടിയാണ് പിൽക്കാലത്ത് പ്രസിദ്ധനായ ഗ്രീക്ക് തത്വചിന്തകൻ പൈതഗോറസ്. ആ കുട്ടിയിലെ മഹത്വം തിരിച്ചറിഞ്ഞ് അവനെ കൊണ്ടുപോയി വളർത്തിയ ആളാണ് പ്രശസ്ത ഗ്രീക്ക് തത്വചിന്തകനായ ഡെമോക്രൈറ്റസ്. ഒരു വ്യക്തിയുടെ മഹത്വം അവന്റെ/ അവളുടെ ശൈശവം മുതൽ തന്നെ എല്ലാ പ്രവർത്തനങ്ങളിലും വെളിപ്പെട്ടുകൊണ്ടിരിക്കുന്നത് കാണുവാൻ കഴിയും. 'മുളയിലെ അറിയാം മുളങ്കരുത്ത്' എന്ന ചൊല്ല് ഏവർക്കും പരിചിതമാണല്ലോ! മുളയ്ക്കുമ്പോൾ ഉള്ള പുഷ്ടി കണ്ടാൽ അറിയാം അതു വലുതാവുമ്പോൾ എങ്ങനെ ആയിത്തീരുമെന്ന്. ശക്തിയുള്ള മുള യാണെങ്കിൽ അത് വലുതാകുമ്പോഴും ശക്തമായിരിക്കും.

ചില വ്യക്തികൾ ചെറിയ കാര്യങ്ങൾ പോലും ഭംഗിയായി ചെയ്യുന്നവരാണ്. ചിലരുടെ പ്രവർത്തികൾ വളരെ അലസമായിരിക്കും. വസ്ത്രധാരണത്തിലും എഴുതുന്ന കാര്യത്തിലും, സംസാരത്തിലും ഓരോ ചെറിയ പ്രവർത്തിയിലും ഇത് വ്യക്തമാണ്. പല കാര്യങ്ങളും വളരെ ശ്രദ്ധയോടെ ചെയ്യുന്ന കുഞ്ഞുങ്ങളുണ്ട്. അശേഷം ശ്രദ്ധിക്കാത്തവരുമുണ്ട്. പക്ഷേ അത് മനസ്സിലാക്കുന്നതിന് നമ്മുടെ സൂക്ഷ്മ നിരീക്ഷണം ആവശ്യമുണ്ട്. പൈതഗോറസ് വിറക് കെട്ടിയിരിക്കുന്നതിന്റെ ഭംഗി കണ്ട് അവന്റെ മഹത്വത്തെ തിരിച്ചറിഞ്ഞ ഡെമോക്രൈറ്റ്സിനെ പോലെ കുഞ്ഞുങ്ങളുടെ ആളത്വത്തിന്റെ മഹത്വം തിരിച്ചറിയുവാനും അതിനനുസരണമായ പാതയിലൂടെ അവരെ നയിക്കുവാനും മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും സാധിക്കും. എങ്കിൽ അനേകം മഹത് വ്യക്തികളെ ലോകത്തിന് സംഭാവന നൽകുവാൻ നമുക്ക് സാധിക്കും. അതിന് നമുക്ക് സജ്ജമാകാം. 'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല.' (സദൃ. 22:6)

# സമാധാനത്തിനായി പ്രാർത്ഥനയോടെ കോംഗോയിലെ ക്രൈസ്തവ ദേവാലയങ്ങൾ

കിൻഷാസ: അക്രമങ്ങൾ തകർത്തയിടങ്ങളിൽ സമാധാനം സംജാതമാകാൻ പ്രത്യേക പ്രാർത്ഥനയുമായി കോംഗോയിലെ ക്രൈസ്തവ ദേവാലയങ്ങൾ. ഏതു സമയത്തും ഒരു ആഭ്യന്തര യുദ്ധമായി പൊട്ടിത്തെറിക്കാവുന്ന തരത്തിലാണ് നഗരമെന്ന് കിൻഷാസായിലെ ഗോമാ മെത്രാനായ വില്ലി ൻഗുംബി ഇൻ ഗെൻഗെലെ പറഞ്ഞു. കോംഗോ ഡെമോക്രാറ്റിക് റിപ്പബ്ളിക്കിന്റെ കിഴക്കൻ ഭാഗത്ത് വിമത തീവ്രവാദ ഗ്രൂപ്പുകളുടെ അക്രമത്താൽ മൂന്ന് ദശകങ്ങളായി പതിനായിരങ്ങളുടെ ജീവനാണ് അപഹരിച്ചിട്ടുള്ളത്. രണ്ടു ദിവസം മുമ്പ് ഗോമയിൽ സംസ്കാര ചടങ്ങിനിടയിൽ നടന്ന സായുധസംഘങ്ങളുടെ ഏറ്റുമുട്ടലിൽ 17 പേരാണ് മരിച്ചത്. റുവാണ്ട പിൻതുണയ്ക്കുന്ന എം23 എന്ന സായുധ സംഘമാണ് അതിന്റെ പിന്നിൽ. വംശീയ ഗ്രൂപ്പുകളും അയൽ രാജ്യങ്ങളും തമ്മിലുള്ള സംഘർഷം സമാധാനപരമായ സഹവർത്തിത്വവും ജീവിതവും താറുമാറാക്കും എന്ന ഭയം വ്യാപകമാണ്. ഗോമാ റുവാണ്ടയുമായി അതിർത്തി പങ്കിടുന്ന പട്ടണവും ഗിസെനി നഗരവുമായി അതിർത്തി കടന്ന് ഉയർന്ന സാമ്പത്തിക വ്യാപാരം ചെയ്യുന്ന നാടാണ്. ഏകദേശം രണ്ട് ദശലക്ഷം നിവാസികളുള്ള ഗോമയിൽ സർക്കാർ സ്ഥാപിച്ച ഏഴ് ക്യാമ്പുകളിൽ രണ്ടു വർഷത്തിനിടെ 850,000 പേരാണ് അഭയാർത്ഥികളായുള്ളതെന്നും ഒരു മാനുഷിക ദുരന്തത്തെ നിസ്സഹായരായി നോക്കി നിൽക്കുകയാണ് തങ്ങളെന്നും ബിഷപ്പ് വില്ലി ൻഗുംബി പറഞ്ഞു. ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ ക്രൈസ്തവ ഭൂരിപക്ഷ രാജ്യമാണ്. 2021ലെ കണക്കനുസരിച്ച്, ജനസംഖ്യയുടെ ഏകദേശം 95% ക്രൈസ്തവരാണ്. പക്ഷേ രാജ്യത്തു ഇസ്ലാമിക തീവ്രവാദം വലിയ രീതിയിൽ വേരൂന്നിയിരിക്കുന്നതാണ് ഇപ്പോൾ ഏറെ ആശങ്കയ്ക്കു വഴി തെളിക്കുന്നത്.

**HOUSE FOR RENT IN AMALLOOR**
Furnished 3 Bedroom house with a front patio with ample parking for rent in Thiruvalla.
**Contact-Baby Samuel**
**WhatsApp No. +91 92072 51248**

# വന്യജീവി ആക്രമണം; കേരളത്തിന്റെ നിയമ ഭേദഗതി നിർദേശം സുപ്രധാനം

കൊച്ചി : വന്യജീവി ആക്രമണത്തിൽ കേരളത്തിന്റെ നിയമ ഭേദഗതി നിർദേശം സുപ്രധാനം. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മനുഷ്യമൃഗ സംഘർഷം പരിഹരിക്കുന്നതിന് വന്യജീവി സംരക്ഷണ നിയമത്തിലെ ചില വകുപ്പുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ നേരത്തെ പാസാക്കിയിരുന്നു. ചട്ടം 118 പ്രകാരം വനം മന്ത്രി എ കെ ശശീന്ദ്രനാണ് പ്രമേയം അവതരിപ്പിച്ചത്. ഷെഡ്യൂൾ ഒന്നിൽ ഉൾപ്പെട്ട വന്യമൃഗത്തെ മനുഷ്യ ജീവന് അപകടകരമായ സാഹചര്യത്തിൽ പിടികൂടാനോ കൊല്ലാനോ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരം നൽകുന്ന നിയമത്തിലെ സെക്ഷൻ 11 (1) (എ) ഭേദഗതി ചെയ്യണമെന്ന് പ്രമേയം ആവശ്യപ്പെട്ടു. ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിക്കായി കാത്തിരിക്കുന്നത് പലപ്പോഴും കാല താമസം സൃഷ്ടിക്കുകയും സാഹചര്യങ്ങൾ സങ്കീർണ്ണമാവുന്നതിനും കാരണമാവാറുണ്ട്. അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകിയിട്ടുള്ള അധികാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് കൈമാറണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്. ഇത് പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് തീരുമാനങ്ങളിലേക്കെത്താൻ സഹായിക്കും. എന്നാൽ ഭേദഗതി നിർദ്ദേശം കേന്ദ്രം അംഗീകരിച്ചിട്ടില്ല. വന്യമൃഗ ആക്രമണങ്ങൾ അതിരൂക്ഷമാവുന്ന സാഹചര്യത്തിൽ പ്രശ്നത്തിൽ അനുകൂല നടപടി കാത്തിരിക്കുകയാണ് സംസ്ഥാനം.






തയ്യാറാക്കിയത്:
**സിസ്റ്റർ ധന്യ ഡാനിയേൽ**

## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: 1 ദിനവൃത്താന്തം**

(1) ഭൂമിയിൽ ആദ്യത്തെ വീരൻ?
(2) ഏദോംദേശത്തു വാണ ശൌൽ രാജാവ് ഏത് പട്ടണക്കാരൻ ആയിരുന്നു?
(3) അകൃത്യംചെയ്തു യിസ്രായേലിനെ കഷ്ടത്തിലാക്കിയവൻ?
(4) പിതാവിന്റെ ശയ്യയെ അശുദ്ധമാക്കിയവൻ?
(5) മുപ്പതുപേരിൽ വീരനും മുപ്പതുപേർക്കു നായകനുമായവൻ?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

(1) രൂബേൻ (1 ദിന. 5:1)
(2) യെഹൂദാ (1 ദിന. 5:2)
(3) സീയോൻ (1 ദിന. 11:5)
(4) യോനാഥാൻ (1 ദിന. 27:32)
(5) പേരെസ്ഉസ്സാ (1 ദിന. 13:11)

CHRISTIAN LIVE DAILY

21 FEBRUARY 2024
VOL 03
ISSUE 051 | 750

ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220




PUBLISHED BY ON BEHALF OF CHRISTIANLIVE MEDIA INTERNATIONAL PVT. LTD., MOB : +91 98465 52220